LIBRARY ARCHIVES Kerala Legislative Assembly

മണപ്പാട്ടുചിറ മ്യൂസിക് ഫൗണ്ടൻ

337 (1035) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിലെ മണപ്പാട്ടുചിറയിൽ മ്യൂസിക് ഫൗണ്ടൻ സ്ഥാപിക്കുന്നതിനായുള്ള പ്രോജക്ടിന് തുക അനുവദിക്കുന്നതിനായുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) കാലടി-ആതിരപ്പള്ളി-മലയാറ്റൂർ ടൂറിസം വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്. ആയത് അംഗീകരിച്ച ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമെ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിലെ മണപ്പാട്ടുചിറയിൽ മ്യൂസിക് ഫൗണ്ടൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിക്കുവാൻ കഴിയുകയുള്ളൂ.

സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികൾ

338 (1036) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട് ; അതിൽ ആഭ്യന്തര വിനോദസഞ്ചാരികൾ എത്ര ; വിദേശ വിനോദസഞ്ചാരികൾ എത്ര ;